LIBRARY ARCHIVES Kerala Legislative Assembly

റിവർ മാനേജ്മെന്റ് ഫണ്ട്

133 (1172) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് റിവർ മാനേജ്മെന്റ് ഫണ്ടിനത്തിൽ എത്ര തുക സമാഹരിക്കാൻ കഴിഞ്ഞു; വിശദമാക്കുമോ ; മലപ്പുറം ജില്ലയിൽ പ്രസ്തുത ഫണ്ടിനത്തിൽ എത്ര തുക ലഭിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ; പ്രസ്തുത തുക ഉപയോഗിച്ച് മലപ്പുറം ജില്ലയിൽ എന്തെല്ലാം പ്രവർത്തികളാണ് ചെയ്തിട്ടുള്ളത്; വിശദമാക്കുമോ ; ഏറനാട് മണ്ഡലത്തിൽ 2011-2015 കാലഘട്ടത്തിൽ പ്രസ്തുത ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവർത്തികൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

റവന്യൂ വകുപ്പ് കെട്ടിട നികുതി, ആഡംബര നികുതി എന്നീ ഇനങ്ങളിലെ കുടിശ്ശിക

134 (1174) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പ് കെട്ടിട നികുതി, ആഡംബര നികുതി എന്നീയിനങ്ങളിൽ പിരിച്ചെടുക്കുന്നതിന് നിലവിൽ എത്ര തുക കുടിശ്ശികയായിട്ടുണ്ടെന്ന് ഇനം തിരിച്ചുള്ള വിവരം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ;

(ബി) നിലവിൽ കോടതി സ്റ്റേ, ഇതര സ്റ്റേ നടപടിക്രമങ്ങളുടെ ഭാഗമായി പിരിച്ചെടുക്കുവാൻ സാധിക്കാത്ത തുകവിവരം പ്രത്യേകമായി ഇനം തിരിച്ച് ജില്ലാടിസ്ഥാനത്തിൽ അറിയിക്കുമോ ?

ഉത്തരം

(എ) അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം (ബി&സി) ആയി ചേർത്തിരിക്കുന്നു.*

റിവർ മാനേജ്മെന്റ് ഫണ്ട്

135 (1176) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ അഞ്ചുവർഷം റിവർ മാനേജ്മെന്റ് ഫണ്ടായി എത്ര രൂപ ലഭിച്ചിട്ടുണ്ട്; വർഷാടിസ്ഥാനത്തിൽ വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത തുക ഓരോ ഇനത്തിലും ചെലവഴിച്ചതിന്റെ കണക്കും വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ;

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ അഞ്ചുവർഷം റിവർ മാനേജ്മെന്റ് ഫണ്ടിലേക്ക് 17,71,55,132 രൂപ ലഭിച്ചിട്ടുണ്ട്. ആയതിന്റെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

വർഷം	തുക
2010-11	3,62,43,414
2011-12	1,65,78,223
2012-13	1,20,62,123
2013-14	5,39,27,582
2014-15	5,83,43,790

(ബി) കഴിഞ്ഞ 5 വർഷം റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും 11,03,94,485 രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ വർഷം, ഇനം എന്നിവ തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

2010-11 (86,82,973)

റിവർ മാനേജ്മെന്റ് പ്രവൃത്തികൾ	5547544
ഓൺലൈൻ മണൽ വിതരണത്തിന്റെ ചെലവ്	1082405
മണൽ സ്വാഡ് വാഹന വാടക, മറ്റു ചെലവുകൾ	1447433
മണൽ പരിശോധനാ ചെലവ്	2648

LIBRARY ARCHIVES Kerala Legislative Assembly

വാഹന റിപ്പയർ	6340
കണ്ടുകെട്ടിയ വാഹനങ്ങൾ ലേലം ചെയ്യുന്നതിന് പത്രപരസ്യം	17648
സർക്കാർ ഉത്തരവ് പ്രകാരം വാഹനം വാങ്ങിയത്	5,38,830
റിവർ മാനേജ്മെന്റ് വർക്ക്ഷോപ്പ്	7000
മറ്റു ചെലവുകൾ	33125

2011-12 (2,46,76,010)

റിവർ മാനേജ്മെന്റ് പ്രവൃത്തികൾ	2,14,23,111
ഓൺലൈൻ മണൽ വിതരണത്തിന്റെ ചെലവ്	11,49,920
മണൽ സ്റ്റാഡ് വാഹന വാടക, മറ്റു ചെലവുകൾ	17,42,320
വാഹന ലേലത്തിന്റെ പത്രപരസ്യം	13,040
വാഹനത്തിന്റെ ഇന്ധനം, ഡ്രൈവറുടെ വേതനം മുതലായവ	1,55,434
മണൽ ഡോക്യുമെന്ററിയുടെ നിർമ്മാണം	45,000
വാഹന റിപ്പയർ	58174
ആർ.ഡി. ഓഫീസിലെ മണൽ സെക്ഷനിലേയ്ക്ക് കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങിയത്	89011

2012-13 (80,07,536)

റിവർ മാനേജ്മെന്റ് പ്രവൃത്തികൾ	6707057
വാഹനത്തിന്റെ ഇന്ധനം, ഡ്രൈവറുടെ വേതനം മുതലായവ	25066
മണൽ സ്റ്റാഡ് വാഹന വാടക മറ്റ് ചെലവുകൾ	1153333
സാന്റ് ഓഡിറ്റിംഗ് & റിവർ മാപ്പിംഗ്	100000
വാഹനങ്ങൾ ലേലം ചെയ്യുന്നതിന് പത്രപരസ്യം	22080

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

2013-14 (2,65,29,622)

റിവർ മാനേജ്മെന്റ് പ്രവൃത്തികൾ	23322897
മണൽ സ്ക്വാഡ് വാഹന വാടക, മറ്റ് ചെലവുകൾ	1268263
സാന്റ് ഓഡിറ്റിംഗ് & റിവർ മാപ്പിംഗ്	361160
വാഹനങ്ങൾ ലേലം ചെയ്യുന്നതിന് പത്രപരസ്യം	49680
സർക്കാർ ഉത്തരവ് പ്രകാരം 2 വാഹനങ്ങൾ വാങ്ങിയത്	1516822
സബ് കളക്ടർക്ക് ഫോൺ വാങ്ങിയത്	10800

2014-15 (4,24,98,344)

റിവർ മാനേജ്മെന്റ് പ്രവൃത്തികൾ	41889286
മണൽ സ്ക്വാഡ് വാഹന വാടക, മറ്റ് ചെലവുകൾ	548557
വാഹന റിപ്പയർ	60501

ദുരന്ത നിവാരണത്തിനായി ഏർപ്പെടുത്താനുദ്ദേശിക്കുന്ന സംവിധാനങ്ങൾ

136 (1179) ശ്രീ. ഹൈബി ഈഡൻ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ ഇതുസംബന്ധിച്ച മുന്നറിയിപ്പ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

996/2018.